# ഗ്രീൻ സ്കിൽ പരിശീലനപരിപാടി

കോയമ്പത്തൂർ ▸ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻ.വി.എസ്. കേന്ദ്രത്തിൽ 30 ദിവസത്തെ ഗ്രീൻ സ്കിൽ ഡെവലപ്മെൻറ് പ്രോഗ്രാം തുടങ്ങി.

ടിഷ്യു കൾച്ചർ വഴിയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനത്തിലാണ് സൗജന്യ പരിശീലനം. ബിരുദധാരികളായ തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്താൻ അവസരമുണ്ടാക്കാൻ ഉദ്ദേശിച്ചാണ് പരിശീലനം.

ബയോടെക്നോളജി വിഭാഗത്തിലെ ഡോ. ആർ. യശോദ പരിശീലനം ഉദ്ഘാടനംചെയ്തു.

പരിശീലനവിഭാഗത്തിലെ ഡോ. രേഖ ആർ. വാരിയർ, ബയോപ്രോസസിങ്ങിലെ ഡോ. ജോൺപ്രശാന്ത്, ജേക്കബ് ഗ്രീൻ സ്കിൽ, നോഡൽ ഓഫീസർ ഡോ. കണ്ണൻ സി.എസ്. വാര്യർ എന്നിവർ പ്രസംഗിച്ചു.